**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബാലുശ്ശേരി നിയമസഭാ നിയോജകമണ്ഡലം - പുതിയ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് - സൗകര്യമൊരുക്കൽ - സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **2423**/2013/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30.09.2013.

പരാമർശം:-

1. ശ്രീ.പുരുഷൻ കടലുണ്ടി, ബഹുമാനപ്പെട്ട നിയമസഭാംഗത്തിന്റെ കത്ത് നമ്പർ MLA/BLSY/G.C/Pth/688/13 തീയതി: 21.08.2013.
2. വികേന്ദ്രീകൃതാസൂത്രണത്തിനായുള്ള സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 25.09.2013-ലെ യോഗ തീരുമാനം ഇനം നമ്പർ 3.10.

**<u>ഉത്തരവ്</u>**

ബാലുശ്ശേരിയിൽ പുതുതായി ആരംഭിക്കുന്ന ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിൽ ലാബ്, ലൈബ്രറി, ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങൾ ഒരുക്കുന്നതിന് ബാലുശ്ശേരി നിയമസഭാ നിയോജക മണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സംഭാവന നൽകുന്നതിനുള്ള അനുമതി നൽകണമെന്നുള്ള അഭ്യർത്ഥനയാണ് പരാമർശം ഒന്നിലെ കത്തിലുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പരാമർശം രണ്ടിലെ തീരുമാന പ്രകാരം ഉണ്ണികുളം, ബാലുശ്ശേരി, അത്തോളി, പനങ്ങാട്, ഉള്ളിയേരി, നടുവണ്ണൂർ, കൂരാച്ചുണ്ട്, കായണ്ണ, കോട്ടൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾക്കും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിനും കോഴിക്കോട് ജില്ലാ പഞ്ചായത്തിനും അവരുടെ തനത് ഫണ്ടിൽ നിന്നോ റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നോ ഒരു ലക്ഷം രൂപയിൽ കവിയാത്ത തുക വീതം ബാലുശ്ശേരിയിലെ പുതിയ ഗവൺമെന്റ് കോളേജിന്റെ പ്രാരംഭ ചെലവുകൾക്കായി അതാത് കമ്മിറ്റി തീരുമാനത്തിനു വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എം.ഷാഹുൽ ഹമീദ്,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.

പ്രസിഡന്റ് / സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, കോഴിക്കോട്.
പ്രസിഡന്റ് / സെക്രട്ടറി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, കോഴിക്കോട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്. (ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് ഈ ഉത്തരവിന്റെ പകർപ്പ് നൽകേണ്ടതാണ്)
ചെയർമാൻ / എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
ധനവകുപ്പ്.
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.